# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ




## ഗവൺമെന്റ് എൽ. പി. എസ്സ്

## ഉറുകുന്ന്

## കൊല്ലം വിദ്യാഭ്യാസജില്ല

## പുനലൂർ ഉപജില്ല

## 2024-2027

# പൊതു വിദ്യാലയങ്ങൾ
# മികവിന്റെ കേന്ദ്രങ്ങളാണ്

**പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ
ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ
വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ
ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ
തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും.
എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക
എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന
ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.
അതുവഴി വിദ്യാലയത്തിലെ കുരുന്നുകൾക്ക് മെച്ചപ്പെട്ട
വിദ്യാഭ്യാസം ലഭ്യമാകും. മൂന്ന് തലമുറയ്ക്ക് അറിവിന്റെ വെളിച്ചം
പകർന്ന് നൽകിയ വിദ്യാലയമാണ്
ഉറുകുന്ന് ഗവ. എൽ. പി. സ്കൂൾ. പൊതുസമൂഹത്തിന്റെയും
പൂർവ്വ വിദ്യാർത്ഥികളുടെയും പിന്തുണകൊണ്ട് വരും
വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള
പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ
ഏറെ സഹായകമായ രീതിയിൽ ആണ്
അക്കാദമിക മാസ്റ്റർപ്ലാൻ
ഒരുക്കിയിട്ടുള്ളത്.
ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ....**

**പി.ടി.എ. പ്രസിഡന്റ്
പ്രീയേഷ് ബാബു**

**ഹെഡ്മാസ്റ്റർ
ഹരികുമാർ എച്ച്. കെ**

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ. എൽ.പി.സ്കൂൾ ഉറുകുന്ന് |
| മേൽവിലാസം | : അണ്ടൂർ പച്ച, ഉറുകുന്ന് പി.ഒ, Pin :691307, തെന്മല ,പുനലൂർ, കൊല്ലം, കേരളം. |
| ഫോൺ | : 0475 222121 ,9048727212 |
| സ്കൂൾ കോഡ് | : 40438 |
| വിദ്യാഭ്യാസ ജില്ല | : കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | : പുനലൂർ |
| റവന്യൂ ജില്ല | : പുനലൂർ |
| ബി.ആർ.സി | : പുനലൂർ |
| സി.ആർ.സി. | : തെന്മല |
| ഗ്രാമപഞ്ചായത്ത് | : തെൻമല |
| ബ്ലോക്ക് പഞ്ചായത്ത് | : അഞ്ചൽ |
| ജില്ലാ പഞ്ചായത്ത് | : കൊല്ലം |
| നിയമസഭാമണ്ഡലം | : പുനലൂർ |
| ലോകസഭാമണ്ഡലം | : കൊല്ലം |
| താലൂക്ക് | : പുനലൂർ |
| വില്ലേജ് | : തെന്മല |
| ഇ-മെയിൽ വിലാസം | : glpsurukunnu@gmail.com |
| Face book ID | : Glps Urukunnu |
| സ്കൂൾവിക്കി | : 40438 |

# ഉറുക്കുന്ന് ഗവ. എൽ പി സ്കൂൾ

## നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രം

കൊല്ലം ജില്ലയിൽ കൊല്ലം വിദ്യാഭ്യാസ ജില്ലയിലെ പുനലൂർ വിദ്യാഭ്യാസ ഉപജില്ലയിൽ തെന്മല ഗ്രാമ പഞ്ചാമത്തിൽഏഴാം വാർഡായ ഉറുകുന്ന് എന്ന നയന മനോഹരമയ മലയോര ഗ്രാമത്തിലാണ് ഉറുകുന്ന് എൽ. പി. എസ് സ്ഥിതിചെയ്യുന്നത്.കഴിഞ്ഞ എഴുപത്തിനാലു വർഷങ്ങളിലായി നാടിന്റെ അക്ഷര വെളിച്ചമായി നമ്മുടെ സ്കൂൾ നിലനിൽക്കുന്നു. പ്ലാറ്റിനം ജൂബിലിയുടെ നിറവിലാണ് ഉറുക്കുന്ന് ഗവ. എൽ.പി.സ്കൂൾ. തെന്മല പഞ്ചായത്തിലെ 6, 7, 8, 9 എന്നീ 4 വാർഡുകളിൽ നിന്നാണ് ഈ സ്കൂളിൽ കുട്ടികൾ എത്തി ച്ചേരുന്നത്. 1951 ലാണ് സ്കൂൾ സ്ഥാപിതമായത്. കൃഷി ഡിപ്പാർട്ടു മെൻറിന്റെ കറ്റ മെതിക്കാനായി ഉപയോഗിച്ചിരുന്ന പുൽപ്പുരയാണ് ആദ്യം ക്ലാസ്സെടുക്കാൻ ഉപയോഗിച്ചത്. 40 അടിയോളം നീളമുള്ള ഒരു ഷെഡ് ആയിരുന്നു അത്. 5 വ്യക്തികളാണ് പ്രധാനമായും സ്കൂളിനുവേണ്ടി മുന്നിട്ടിറങ്ങിയത്. സർവ്വശ്രീ. വലിയകൃഷ്ണൻ, വി. ജി. കേശവൻനായർ, ആർ.കേശവൻ, ഉമ്മറുകുട്ടി ലബ്ബ, പി. സി. ചെറി യാൻ എന്നിവരാണവർ. അന്ന് ഏരൂർ പഞ്ചായത്തായിരുന്നു സ്കൂളിന്റെ മാനേജ്മെന്റ്.

2001 മാർച്ചിൽ 50-ാം വാർഷികം ഭംഗിയായി നടത്തി. ആഘോഷച്ചടങ്ങിൽ ആദ്യ ഹെഡ്മിസ്ട്രസ്സ് ശ്രീമതി.ലക്ഷ്മിക്കുട്ടിയമ്മയേയും 1988 ൽ ഹെഡ്മാസ്റ്ററായി നിയമിതനായി ശ്രീ. പി. ജോൺ സാറി നേയും ആദരിച്ചു. ശ്രീമതി. പി. രത്നമ്മ ടീച്ചറിന്റെ ചുമതലയിലാണ് ആഘോഷപരിപാടികൾ നടന്നത്.
ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ഹരികുമാർ എച്ച്. കെ ആണ്.
2023 ജൂൺ മാസത്തിൽ കിഴക്കൻ മലയോര മേഖലയിലെ ആദ്യ ഇന്റർനാഷണ പ്രീ പ്രൈമറി സ്കൂളായി ഉറുകുന്ന് ഗവ.എൽ.പി.സ്കൂൾ ഉയർത്തപ്പെട്ടു.

സമീപ പ്രദേശങ്ങളിലെ മറ്റേതൊരു വിദ്യാലയത്തെയും പിന്നിലാക്കുന്ന തരത്തിലുള്ള ഭൗതിക സൗകര്യങ്ങളാണ് നമ്മുടെ വിദ്യാലയത്തിൽ ഒരുക്കി കൊണ്ടിരിക്കുന്നത്. ഹൈ ടെക്ക് ക്ലാസ്സ് മുറികളും ശിശു സൗഹൃദമായ പഠന മുറികളും  കളിസ്ഥലവും കുട്ടികൾക്കായുള്ള ഉല്ലാസ പാർക്കും ഒരുങ്ങിക്കഴിഞ്ഞു. സ്കൂളിന്റെ ഏതാവശ്യങ്ങൾക്കും നിലവിലെ പഞ്ചായത്ത് സമതി കൂടെയുണ്ട് . വിദ്യാലയ പാഠ്യ -പഠ്യേതര പ്രവർത്തനങ്ങളിൽ എല്ലാം തന്നെ പിറ്റിഎ സമിതിയുടെയും പൂർവ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും അകമഴിഞ്ഞ പിന്തുണ നൽകിക്കൊണ്ടിരിക്കുന്നതിൽ അതിയായ സന്തോഷം അറിയിച്ചുകൊള്ളട്ടെ.

## നിലവിലെ അവസ്ഥ

പഞ്ചായത്ത് സ്കൂളുകൾ എല്ലാം ഗവൺമെന്റ് ഏറ്റെടുത്തതിനാൽ ഉറുകുന്ന് എൽ. പി. എസ് ഗവൺമെന്റ് സ്കൂളുകളും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2023 ൽ എസ്.എസ്.കെ വർണ്ണക്കൂടാരം പദ്ധതിയിൽ ഉൾപ്പെടുത്തി പത്ത് ലക്ഷം രൂപ ഫണ്ട് ഉപയോഗിച്ച് ഇന്റർനാഷണൻപ്രീ പ്രൈമറി സ്കൂൾ സ്ഥാപിച്ചു., എസ്. എസ്. കെ ഫണ്ടിൽനിന്നും പഞ്ചായത്ത് ഫണ്ടിൽ നിന്നും ആവശ്യമായ ടോയ്ലറ്റുകൾ നിർമ്മിച്ചിട്ടുണ്ട്. എസ്. എസ്. കെ യിൽനിന്നും അനുവദിച്ച മൂന്നു ക്ലാസ്സ് റൂമുകളും പഞ്ചായ ത്തിൽ നിന്നും അനുവദിച്ച ഒരു ക്ലാസ്സ് റൂമും ഹെഡ്മാസ്റ്റർ റൂമും നിലവിലുണ്ട്. പാചകപ്പുര ചുറ്റുമതിൽ ഗേറ്റ് മുറ്റം ഇന്റർലോക്ക് പാകൽ ഇവ പഞ്ചായത്തിൽനിന്നും പണി കഴിപ്പിച്ചുതന്നിട്ടുണ്ട്.

## കുട്ടികളുടെ എണ്ണം 2023-24

| Standard | Boys | Girls | Total |
|---|---|---|---|
| STD 1 | 6 | 4 | 10 |
| STD 2 | 6 | 5 | 11 |
| STD 3 | 9 | 7 | 16 |
| STD 4 | 3 | 3 | 6 |
| Pre Primary | 24 | 16 | 40 |
| TOTAL | 48 | 35 | 83 |

## പൊതുലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുരുത്തുക.

2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷ ണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. എൽ. കെ. ജി മുതൽ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാ ടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4 .എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

5.കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

6.വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

7.ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മു റികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

8.കോർണർ പി.ടി.എ.കൾ ചേരും

9.ഒന്നാം ക്ലാസ്സ് മുതൽ 4 -ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദ മിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്. ആർ.ജി.യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.

10.കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കു ന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

11.വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

12.'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

# പൊതു കാഴ്ചപ്പാട്

1. സ്കൂൾപ്രായത്തിലുള്ള മുഴുവൻ കുട്ടികളും പൊതുവിദ്യാലയങ്ങളിൽ എത്തിച്ചേരണം. അതിനനുസൃതമായ പരിവർത്തനങ്ങൾ പൊതുവിദ്യാലയങ്ങളിൽ കാലോചിതമായി ഉണ്ടാകണം.

2. ലോകോത്തര നിലവാരത്തിലുള്ള പഠനസൗകര്യം ഉറപ്പാക്കുക.

3. സമപ്രായക്കാരായ ലോകത്തെവിടെയുമുള്ള വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും സ്വന്തം സാധ്യതയുടെ പരമാവധിയിൽ നേടുമെന്നുറപ്പാക്കുക.

4. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഒരുക്കി നൽകുക.

5. ഏറ്റവും ആധുനികമായ സാങ്കേതിക വിദ്യയും മികച്ച അടിസ്ഥാന സൗകര്യങ്ങളുമുള്ള വിദ്യാലയാന്തരീക്ഷം ഘട്ടംഘട്ടമായി ഇതിനായി സൃഷ്ടിക്കുക.

6. മുഴുവൻ കുട്ടികളുടേയും കായിക ആരോഗ്യക്ഷമത ഉറപ്പാക്കും. ശരിയായ വൈകാരിക മനസിക, ശാരീരിക ആരോഗ്യമുണ്ടെങ്കിലേ മികവാർന്ന പഠനം സാധ്യമാകൂ. വ്യക്തിഗതവും സാമൂഹികവുമായ ആരോഗ്യശീലങ്ങളും പ്രധാനമാണ്. നാട്ടിലെ പൊതുജനാരോഗ്യ കേന്ദ്രങ്ങളുമായി സഹകരിച്ച് കുട്ടികളുടെ ആരോഗ്യ സുരക്ഷയ്ക്കുള്ള വൈവിധ്യമുള്ള പദ്ധതികൾ രൂപകല്പന ചെയ്യുക.

7. പഠനപിന്നാക്കക്കാർക്കുവേണ്ടി പദ്ധതികൾ നടപ്പിലാക്കുക.

8. ഭിന്നശേഷിക്കാർക്ക് പ്രത്യേകപരിഗണന നൽകിയുള്ള പ്രവർത്ത നങ്ങൾനടപ്പിലാക്കുക.

9. ക്ലാസ്സ് പി. ടി. എ ശാക്തീകരണം.

10. വിദ്യാലയവികസനസമിതിയുടെ സഹകരണം ഉറപ്പാക്കൽ.

11. പൂർവ്വവിദ്യാർത്ഥികളുടെ സഹകരണം ഉറപ്പാക്കൽ.

12. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

13. മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെ സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

# അക്കാദമിക ലക്ഷ്യങ്ങൾ

## *ഭാഷാ വികസനം*

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

## *ഇംഗ്ലീഷ്*

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.

2 ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.

3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.

4.സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.

5 സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.

6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

7.ക്ലാസ്സ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക

8.ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

### *പരിസര പഠനം*

1.ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2.ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക.

3.ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.

4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.

5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

### *സാമൂഹികാവബോധം*

1. ജനാധിപത്യ വേദികൾ ഒരുക്കുക.

2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3 ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

### *ഗണിതം*

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

3 ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4 ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## *ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ*

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## *പ്രവൃത്തി പരിചയം*

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ് വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനകരമായ ഉത്പ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധി പ്പിക്കുക.

## *കലാപരിശീലനം*

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3.ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4.ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക
5.ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## *ആരോഗ്യ കായിക വിദ്യാഭ്യാസം*

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

# പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| ആക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ശാസ്ത്ര പോഷണം<br>• വായന പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• പ്രതിഭാ പോഷണ പരിപാടി<br>• ജൈവവൈവിധ്യ പർക്ക്<br>• സാഹിത്യ പോഷണ പരിപാടികൾ<br>• പഠനയാത്രകൾ<br>• കലാകായികമേള<br>• ഐടി പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ് പിടിഎ സജീവമാക്കൽ<br>• എസ് ആർ ജി ശാക്തീകരണം<br>• പച്ചക്കറിത്തോട്ടം<br>• രചന ശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• ടേം മൂല്യനിർണയം<br>• നിരന്തര വിലയിരുത്തൽ<br>• ദിനാചരണം<br>• ബാല (Building As a learning Aid) | • കുടിവെള്ള വിതരണം<br>• ലബോറട്ടറി<br>• ഭാഷോഉത്സവം<br>• ഗണിതോത്സവം<br>• ഓഡിറ്റോറിയം | • പിടിഎ ശക്തിപ്പെടുത്തൽ<br>• വിദ്യാലയ വികസന സമിതി<br>• പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം<br>• എസ് എസ്  ജി ,എൽ എസ് ജി ബന്ധം<br>• ഗ്രന്ഥശാലകൾ<br>• ക്ലബ്ബുകൾ<br>• സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ പൂർവ്വ അധ്യാപകർ<br>• സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |

# അക്കാദമിക് പ്ലാൻ മലയാളം

| നമ്പർ | പ്രോജക്റ്റ് | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനാക്കൂട്ടം) | 1.ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2.വായന മൂല<br>3.ക്ലാസ് ലൈബ്രറി<br>4. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>5.വായനോത്സവം സംഘടിപ്പിക്കൽ<br>6.പത്രവായന<br>7.അമ്മ വായന<br>8.പുസ്തക ചർച്ച<br>9.വായനാനുഭവം പങ്കുവെക്കൽ<br>10.വായനാക്കുറിപ്പ് -പതിപ്പ് | 6 മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലികപ്രസിദ്ധീകരണങ്ങൾ | ബി ആർ സി ,ഡയറ്റ്, പിടിഎ, എം പി ടി എ |
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥപരിഹരിക്കൽ (മലയാളത്തിളക്കം) | 1 .പ്രീ ടെസ്റ്റ്<br>2.അക്ഷരമുറപ്പിക്കൽ<br>3.അടയാളം ഉറപ്പിക്കൽ<br>4.അക്ഷരക്കാർഡ്<br>5.വാക്കുകൾ എഴുതിയ കാർഡ് 6.വാക്കുകൾ നിർമിക്കുക<br>7.വാക്യങ്ങൾ നിർമ്മിക്കൽ 8.ചിത്രം അടിക്കുറിപ്പ്<br>9.ചിത്രം കഥ പറയൽ<br>10.ചിത്രം കഥ എഴുതാൻ<br>11.കഥ ബാക്കിയെഴുതൽ<br>12.കഥാപുസ്തകം നൽകൽ<br>13.പിന്നോക്കകാർക്ക് പ്രത്യേകം ക്ലാസ്സ് | 6 മാസം | പുസ്തകങ്ങൾ , അക്ഷര കാർഡ്, പദ കാർഡ്, സി ഡി | BRC, DIET, PTA, IED , Trainer. |

| | | | | | |
|---|---|---|---|---|---|
| 3 | കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക (എഴുത്തു കൂട്ടം) | 1.എഴുത്തുകൂട്ട രൂപീകരണം<br>2.വായനക്കുറിപ്പ് പതിപ്പ്<br>3.സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>4.ചുമർ പത്രിക തയ്യാറാക്കൽ<br>5.പതിപ്പ് തയ്യാറാക്കൽ<br>6.സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>8.വ്യക്തിഗത രചന<br>9.സംഘ രചന | 6 മാസം | ലൈബ്രറി , പുസ്തകങ്ങൾ | ബി ആർ സി, ഡയറ്റ് , പിടിഎ |
| 4 | ഒന്നടിച്ചാൽ രണ്ട് (ശ്രദ്ധ മികവിലേക്ക് ഒരു ചുവട്) കുട്ടികളിൽ ഏകാഗ്രത, ശ്രദ്ധ വികസിപ്പിക്കുന്നതിന് | 1. കുട്ടികളെ വൃത്താകൃതിയിൽ നിർത്തി കളിയുടെ നിയമം അനുസരിച്ച് കളിക്കാൻ സഹായിക്കുക | 15 മിനിറ്റ് | പ്ലേ ഗ്രൗണ്ട് | ക്ലാസ് ടീച്ചർ |
| 5 | തുരുതുരെ പപ്പടം (ശ്രദ്ധ താളം ഏകഗ്രത എന്നിവ വികസിപ്പിക്കുന്നതിന്) | 1. തുരുതുരെ പപ്പടം ചുട്ടെടുത്തു എന്ന് ടീച്ചർ പറയുന്നു കുട്ടികളുടെ ഏറ്റുചൊല്ലാൻ ആവശ്യപ്പെടുന്നു<br>2.കയ്യടിച്ച് കേൾപ്പിക്കുക | 15 മിനിറ്റ് | പ്ലേ ഗ്രൗണ്ട് | ക്ലാസ് ടീച്ചർ |
| 6 | കടങ്കഥ മത്സരം | 1. കുട്ടികളെ ഗ്രൂപ്പുകൾ ആക്കി കടങ്കഥ മത്സരം നടത്തുന്നു.<br>2.കടംകഥകൾ എഴുതുന്നു | 30 മിനിറ്റ് | കടങ്കഥ പുസ്തകം | ക്ലാസ് ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 7 | പഴഞ്ചൊല്ലുകൾ | 1. പഴഞ്ചൊല്ലുകൾ പറയുന്നു<br>2.പഴഞ്ചൊല്ലുകൾ എഴുതുന്നു | 30 മിനിറ്റ് | പഴഞ്ചൊല്ലുകളുടെ ശേഖരണം | ക്ലാസ് ടീച്ചർ |
| 8 | ചിത്രകഥ | 1. ചിത്രം കണ്ട് കുട്ടികൾ അതിനെ സൂക്ഷ്മമായി നിരീക്ഷിച്ച് കുട്ടികൾ ചെറിയ വാക്യങ്ങളുടെ കഥ പൂർത്തിയാക്കുന്നു | 1 ആഴ്ച | ചിത്ര കാർഡുകൾ | ടീച്ചർ |
| 9 | കവിതകൾ | 1. ഐസിടിയുടെ സാന്നിധ്യത്തിലൂടെ കുട്ടിക്കവിതകൾ കേൾക്കുവാൻ ആസ്വദിക്കുവാനും അവസരം നൽകുന്നു | 1 ആഴ്ച | ഐസിടി | ടീച്ചർ |
| 10 | സംഭാഷണം | 1. കഥാപാത്രങ്ങളെ അടിസ്ഥാനമാക്കി മുഖംമൂടികൾ നൽകി സംഭാഷണങ്ങൾ അവതരിപ്പിച്ചു പൂർത്തിയാക്കുന്നു | 2 ആഴ്ച | മുഖംമൂടി | ടീച്ചർ, ബി ആർ സി |
| 11 | അക്ഷര കാർഡുകൾ | 1. ഓരോ അക്ഷരങ്ങൾ എഴുതിയ കാർഡുകൾ നൽകി കുട്ടികൾ വാക്കുകൾ നിർമ്മിക്കുന്നു | 1 ആഴ്ച | | ടീച്ചർ, ബി ആർ സി |
| 12 | ചിത്രങ്ങൾ നിറം നൽകൽ | 1. പാഠ സംബന്ധമായ ചിത്രങ്ങൾ നൽകി നിറം ഭംഗിയാക്കുന്നു | 3 ആഴ്ച | സ്കെച്ച് , ചിത്രങ്ങൾ | ടീച്ചർ |
| 13 | ചിഹ്നങ്ങൾ | 1. ചിഹ്നങ്ങൾ നൽകാതെ വാക്കുകൾ കൊടുക്കുന്നു പിന്നീട് ചിഹ്നങ്ങൾ ചേർത്ത് വാക്കുകൾ പറയിക്കുന്നു | 4 ആഴ്ച | ചിഹ്നങ്ങൾ നൽകാത്ത കാർഡ്, ചിഹ്നങ്ങൾ നൽകിയ കാർഡ് | ടീച്ചർ ബി ആർ സി |

# അക്കാദമിക് പ്ലാൻ  ഇംഗ്ലീഷ്

| നമ്പർ | പ്രോജക്റ്റ് | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | Story time | 1. പാഠഭാഗവുമായി ബന്ധപ്പെട്ട കഥാഭാഗങ്ങൾ കണ്ടെത്തൽ<br>2.അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ | 2 months | പുസ്തകങ്ങൾ ,സിഡി | ടീച്ചർ ബി ആർ സി |
| 2 | Public speaking | 1. (നാടകം പാവ കളി കഥാപ്രസംഗം) കണ്ടെത്തൽ അവതരണം ആഡിയോ വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ്അനുഭവങ്ങൾ നൽകുക<br>2. അവതരണം | 2 months | ലാപ്ടോപ്പ്, സിഡി | ടീച്ചർ ബി ആർ സി |
| 3 | Chooral singing | 1. ടീച്ചർ പാട്ടുകൾ അവതരിപ്പിക്കുന്നു<br>2. ഓരോ ലൈൻ വീതം പറഞ്ഞുകൊടുത്തുന്നു<br>3.  ടീച്ചറും കുട്ടികളും ചേർന്ന് പാടുന്നു<br>4. കുട്ടികൾ സംഘമായി ചൊല്ലുന്നു | 1 hour | Rhymes ഉം song ഉം ഉള്ള പുസ്തകങ്ങൾ,സിഡി | ടീച്ചർ |
| 4 | Writing | 1. വാക്കുകൾ എഴുതിയ കാർഡുകൾ നൽകുന്നു<br>2.  വാക്യങ്ങൾ എഴുതിയ കാർഡിൽ എഴുതിക്കുന്നു<br>3. കുട്ടികൾ പറയുന്ന വാക്യങ്ങൾ, വാക്കുകൾ എന്നിവ എഴുതുന്നു | 1 hour | കാർഡ്സ് | ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 5 | Reading | 1. വാക്കുകൾ വായിപ്പിക്കുന്നു<br>2. Picture Reading<br>3. Sentence reading | 2 week | Cards Picture | ടീച്ചർ |
| 6 | English day | 1. English assembly<br>2.News reading<br>3.conversation | Once in week | School compound | Teacher ,PTA Members |

## അക്കാദമിക് പ്ലാൻ  പരിസര പഠനം

| നമ്പർ | പ്രോജക്റ്റ് | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | പഞ്ചേന്ദ്രിയങ്ങളുടെ പരമാവധി ഉപയോഗത്തിലൂടെ നിരീക്ഷണം എന്ന പ്രക്രിയ ശേഷിയുടെ വികാസം ഉറപ്പാക്കുന്നതിന് | 1 ഓടാം എടുക്കാം (ശ്രദ്ധ മൊഡ്യൂൾ)<br>2.സഞ്ചിയിൽ എന്തുണ്ട് എന്തുണ്ട്<br>3.തൊട്ടറിയാമോ<br>4. ഫ്രൂട്ട് സലാഡ്5. മണത്ത് പറയാമോ<br>6.രുചിച്ചു പറയാമോ<br>7.കണ്ടു പറയാമോ | 30 മിനിറ്റ്<br>10 മിനിറ്റ്<br>10 മിനിറ്റ്<br>20 മിനിറ്റ്<br>10 മിനിറ്റ്<br>10 മിനിറ്റ്<br>10 മിനിറ്റ് | പഴങ്ങൾ<br>സഞ്ചികൾ<br>ചോക്ക്<br>എ ഫോർ ഷീറ്റ് പേപ്പർ<br>ക്രയോണുകൾ<br>ചാർട്ടുകൾ | Teacher<br>PTA Members |
| 2 | താരതമ്യ പഠനം | 1. പലതരത്തിലുള്ള വസ്തുക്കളെ താരതമ്യം ചെയ്യുക<br>2. സവിശേഷതകൾ പറയുക | 30 മിനിറ്റ് | പലതരം വസ്തുക്കൾ | ടീച്ചർ |

| | | | | | |
|---|---|---|---|---|---|
| 3 | വർഗീകരണം | 1. പല വസ്തുക്കളിൽ നിന്നും ഒരേ സ്വഭാവം ഉള്ളവ കണ്ടുപിടിക്കുന്നു<br>2. ഒരു കൂട്ടത്തിൽ നിന്നും കൂട്ടത്തിൽ ചേരാത്തവ കണ്ടുപിടിക്കുന്നു | 30 മിനിറ്റ് | പഴങ്ങൾ പച്ചക്കറികൾ തുടങ്ങിയവ | ടീച്ചർ,PTA members |
| 4 | ശാസ്ത്ര കൗതുകം വർദ്ധിപ്പിക്കൽ | 1. ലഘുപരീക്ഷണങ്ങൾ<br>2. ചർച്ച | ഒരു മണിക്കൂർ | പരീക്ഷണവസ്തുക്കൾ | BRC ടീച്ചർ |
| 5 | വീടും ചുറ്റുപാടും | വീട്ടിൽ വളർത്തുന്നതും വളർത്താത്തതുമായ പക്ഷികളും മൃഗങ്ങളും ചിത്രത്തിൻറെ സഹായത്തോടെ വേർതിരിക്കുന്നു | ഒരു ആഴ്ച | Class 1&2 ചിത്രങ്ങൾ | ടീച്ചർ |
| 6 | സസ്യങ്ങൾ | ചെറിയ ചെടികൾ, കുറ്റിച്ചെടികൾ, വൃക്ഷങ്ങൾ ചിത്രത്തിൻറെ സഹായത്തോടെ തിരിച്ചറിയുന്നു | 3 ദിവസം | ചിത്രങ്ങൾ | ടീച്ചർ |
| 7 | പൂക്കൾ, ഇലകൾ | മണമുള്ളത് ,മണമില്ലാത്തത് ഔഷധഗുണമുള്ളത് ,ഇല്ല ാത്തത് | 1 ആഴ്ച | വിവിധതരം പൂക്കളും ഇലകളും | ടീച്ചർ |
| 8 | സസ്യങ്ങൾ | വിവിധ സസ്യങ്ങൾ പരിചയപ്പെടുത്തുന്നതിന് വേണ്ടി ചിത്ര കാർഡുകൾ | മൂന്നുദിവസം | Class 3&4 ചിത്രങ്ങൾ | ടീച്ചർ |
| 9 | വിവിധ വേരുകളുടെ ചിത്രകാർഡ് | വിവിധതരം വേരുകൾ ഉണ്ടെന്ന് തിരിച്ചറിയുന്നു | ഒരു മാസം | വേരുകളുടെ ചിത്രങ്ങൾ | ടീച്ചർ, BRC |
| 10 | വിവിധതരം മണ്ണുകൾ | വിവിധതരം മണ്ണുകൾ ഉണ്ടെന്ന് തിരിച്ചറിയുന്നു | ഒരു മാസം | മണ്ണുകളുടെ ചിത്രങ്ങൾ | ടീച്ചർ, BRC |
| 11 | ലഘു പരീക്ഷണങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെടുത്തി ലഘു പരീക്ഷണങ്ങൾക്ക് അവസരം | ഒരു മാസം | അലിയുന്നവ അലിയാത്തവ , ബലൂൺ ബോട്ട് | ടീച്ചർ |

# അക്കാദമിക് പ്ലാൻ  ഗണിതം

| നമ്പർ | പ്രോജക്റ്റ് | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കാവുന്ന ഗണിത ശേഷികൾ ആർജിക്കുന്നു. | 1.ഗണിത കഥകൾ പരിചയപ്പെടുത്തൽ<br>2. ഗണിത പാട്ട് | 1 മാസം | പുസ്തകങ്ങൾ | Teacher, BRC |
| 2 | ശേഷികൾ നേടുന്നതിനും കഴിവ് വളർത്തുന്നതിന ും ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുക. | 1. ഗണിത രൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകൽ.<br>2. കണക്കിലെ കളികൾ | 1 മാസം | പുസ്തകങ്ങൾ | Teacher |
| 3 | ഗണിത ആശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിത ഭാഷ ഉപയോഗിക്കുവാൻ കുട്ടിക്ക് കഴിവുണ്ടാക്കുക | 1. വ്യത്യസ്ത അളവുകൾ പരിചയപ്പെടുത്തൽ<br>2. ഭാരം, നീളം,ഉള്ളളവ് എന്നിവകൃത്യതപ്പെടുത്തി ഏകകങ്ങൾ പരിചയപ്പെടൽ<br>3. ചിത്ര പാറ്റേണുകൾ | 1 മാസം | അളവു പാത്രങ്ങൾ, നിർമ്മാണ സാമഗ്രികൾ | Teacher, BRC |
| 4 | കൃത്യതയോടും സൂക്ഷ്മതയോട ും കാര്യങ്ങൾ ചെയ്യുന്നതിന്റെ പ്രാധാന്യം | 1. പഠനോപകരണ നിർമ്മാണം<br>2. അളന്നു വരയ്ക്കുക | 1 മാസം | ക്ലാസ് മുറി, സംഖ്യ കാർഡുകൾ | Teacher |

| | | | | | |
|---|---|---|---|---|---|
| | മനസ്സിലാക്കുന്നതിനും, ശേഷി വികസിപ്പിക്കുന്നതിനും | | | | |
| 5 | സംഖ്യാ ബോധം | 1. കല്ല്, മഞ്ചാടി, വസ്തുക്കൾ എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് സംഖ്യാബോധം ഉറപ്പിക്കുന്നു | 1 ആഴ്ച | കല്ല്,മഞ്ചാടി, വസ്തുക്കൾ | -Teacher |
| 6 | സംഖ്യാ വ്യാഖ്യാനം | സംഖ്യ വ്യാഖ്യാനത്തിനുവേണ്ടി വിവിധ =പ്രവർത്തനങ്ങൾ നൽകുന്നു.10 എന്ന സംഖ്യാ വ്യാഖ്യാനത്തിനുവേണ്ടി 2+3+5=10,5+5=10 ഇങ്ങനെ സംഖ്യാ വ്യാഖ്യാനം ഉറപ്പിക്കുന്നു | 1 ആഴ്ച | സംഖ്യാ കാർഡ് | Teacher |
| 7 | സ്ഥാന വില | സ്ഥാന വില പോക്കറ്റ്, അബാക്കസ് എന്നിവ ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കുന്നു. | 1 ആഴ്ച | അബാക്കസ്, സ്ഥാനവില പോക്കറ്റ് | Teacher |
| 8 | സങ്കലനം /വ്യവകലനം | നിത്യജീവിതത്തിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി സങ്കലനം /വ്യവകലനം ഉറപ്പിക്കുന്നു | 2 ആഴ്ച | സംഖ്യാ പാറ്റേണുകൾ,സംഖ്യാ കാർഡുകൾ | Teacher |
| 9 | വർക്ക് ഷീറ്റ് തയ്യാറാക്കൽ - പാഠ്യ പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന ലക്ഷ്യങ്ങൾക്കും | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോടേമിന്റെയും തുടക്കത്തിൽ | വർക്ക് ഷീറ്റ് | Teacher,BRC |

| | | | | | |
|---|---|---|---|---|---|
| | എല്ലാ കുട്ടികളെയും അർഹരാക്കുക. | | | | |
| 10 | ഗണിത ലാബ്/ ഗണിതകേളികൾ- അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ. | 2024-2025 | ഗണിത ലാബ് | SSG, SMC |
| 11 | ഗണിത മൂല- അടിസ്ഥാന ആശയങ്ങൾ മുഴുവൻ കുട്ടികളും ആർജ്ജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ | ജൂൺ | മഞ്ചാടി, കളിനോട്ട്, ഈർക്കിൽ കെട്ട്,രൂപങ്ങൾ | -Teacher |
| 12 | യൂണിറ്റ് ടെസ്റ്റ് -ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നു എന്ന് ഉറപ്പാക്കുക | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | വിലയിരുത്തൽ ഫോർമാറ്റ് | Teacher |
| 13 | ഗണിത ക്ലാസ് പി.ടി.എ- ഓരോ ക്ലാസിലും പാഠ്യ പദ്ധതി വിഭാവനം ചെയ്യുന്ന ഗണിത ശേഷി നേടിയെന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ ഹോം വർക്ക് പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്ത് നൽകുന്നു, പിന്തുണ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | | Teacher |

| | | | | | |
|---|---|---|---|---|---|
| 14 | പിന്തുണ - ഗണിതം മധുരം- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ, ശില്പശാലകൾ | ജൂൺ മുതൽ ആഗസ്റ്റ് വരെ | | Teacher, BRC |

## സവിശേഷ പ്രവർത്തനങ്ങൾ

| നമ്പർ | പ്രോജക്റ്റ് | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ടാലന്റ് ലാബുകൾ- ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം,ആലാപനം, ചിത്രരചന,ക്രാഫ്റ്റ് വർക്ക്,പെയിന്റിംഗ്, കഥാരചന, കവിതാരചന,പ്രസംഗം, നാടൻപാട്ട്,കായിക മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസത്തിലും | ക്ലാസ് മുറികൾ | SRG, PTA |
| 2 | സർഗ്ഗ വേദി - കലാഭി രുചി വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ്ഗവേദി നടത്തൽ. | എല്ലാ ആഴ്ചയിലും | ക്ലാസ് മുറികൾ | Teacher |
| 3 | പ്രകടന വേദികൾ- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക. | കുട്ടികളുടെ മികവുകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവയ്ക്കൽ | ജൂൺ - മാർച്ച് | സോഷ്യൽ മീഡിയ | Teacher,SRG |

| | | | | | |
|---|---|---|---|---|---|
| 4 | രക്ഷകർത്യ ബോധവൽക്കരണ ക്ലാസുകൾ | വിവിധ വിഷയങ്ങളിൽ രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക. | ജൂൺ | ക്ലാസ് മുറി, പ്രൊജക്ടർ, ലാപ്ടോപ്പ് | Teacher,BRC, HM |
| 5 | അതിഥിയെ അറിയൽ- ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്. | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് മുറി | പഞ്ചായത്ത്, പിടിഎ |
| 6 | പ്രാദേശിക നാട്ടറിവ്- നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്, സാംസ്കാരികമായി അതിന്റെ തനിമ നിലനിർത്തുന്നതിന്. | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും, ശില്പശാലകൾ നടത്തുകയും ചെയ്യുക. | വർഷത്തിൽ ഒരു തവണ | ക്ലാസ് മുറി | SSG, PTA |
| 7 | ഫീൽഡ് ട്രിപ്പ്- പൊതുസ്ഥാപനങ്ങൾ- സമൂഹത്തിന്റെമുന്നോട്ടുള്ള പോക്കിന് സഹായകമാകുന്ന സാമൂഹിക സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ് പഞ്ചായത്ത് വില്ലേജ്, ആശുപത്രി മുതലായവ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കും | ആഗസ്റ്റ്, നവംബർ, ഫെബ്രുവരി | | Teacher |

# പ്രവൃത്തി പരിചയം

| നമ്പർ | പ്രോജക്റ്റ് | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | നിർമ്മാണത്തിനുള്ളകഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | 1. പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ.<br>2. പഠനത്തിന് അനുയോജ്യമായ പഠന സാമഗ്രികൾ നിർമ്മിക്കൽ.<br>3. പാഴ് വസ്തുക്കൾ ഉപയോഗിച്ച് കൗതുക വസ്തുക്കൾ നിർമ്മിക്കൽ. | one period in one week | പാഴ് വസ്തുക്കൾ, നിർമ്മാണ സാമഗ്രികൾ, കളർ പേപ്പർ | Teacher,parents |
| 2 | ഒറിഗാമി കരകൗശല പരിശീലനം-ഇതര വിഷയവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ, പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | പലതരം പേപ്പർ | റിസോഴ്സ് പേഴ്സൺ |

## ആരോഗ്യ -കായിക വിദ്യാഭ്യാസം

| നമ്പർ | പ്രോജക്റ്റ് | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ആരോഗ്യ സംരക്ഷണത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക | കുട്ടികളിൽ ശുചിത്വബോധം, ആരോഗ്യ സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ | One period in one week | ക്ലാസ് റൂം, പ്ലേ ഗ്രൗണ്ട് | Teacher, BRC Trainer |
| 2 | കായികാരോഗ്യം - മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ എന്ത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | വ്യായാമം, എയ്റോബിക്സ് എക്സസൈസ്, കായികമേള ഇനങ്ങൾ പരിശീലനം | One period in one week | ക്ലാസ് റൂം, പ്ലേ ഗ്രൗണ്ട് | Teacher |
| 3 | ഹെൽത്ത് ചെക്കപ്പ്- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പുവരുത്താനായി ആരോഗ്യ പരിശോധന നടത്തുന്നു. | ജൂൺ - സെപ്റ്റംബർ | ക്ലാസ് റൂം, | PHC |
| 4 | ആരോഗ്യ - കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം. | PE പീരിയഡിൽ എക്സസൈസ്, ഗെയിംസ് എന്നിവ നൽകുന്നതിന് അധ്യാപകർക്ക് പരിശീലനം നൽകൽ. | ജൂൺ - മാർച്ച് | ക്ലാസ് റൂം, പ്ലേ ഗ്രൗണ്ട് | BRC |

## ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ

| നമ്പർ | പ്രോജക്റ്റ് | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ഏകാഗ്രത, ശ്രദ്ധ വികസിപ്പിക്കുന്നതിന് | കുട്ടികൾക്ക് അധ്യാപിക ചൊല്ലി കൊടുക്കുകയും കുട്ടികൾ ഏറ്റുചൊല്ലുകയും ചെയ്യുന്നു. | One hour in a week | ക്ലാസ് റൂം | DIET, Teacher |
| 2 | നിർമ്മാണത്തിനുള്ളകഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക. | അധ്യാപികയുടെ സഹായത്താൽ പേപ്പർ ഉപയോഗിച്ച് വിവിധ മോഡൽ നിർമ്മിക്കുന്നു. | One hour in a week | പേപ്പർ, പാഴ് വസ്തുക്കൾ | Teacher |
| 3 | അക്ഷര കാർഡുകൾ | അക്ഷര ചിത്രങ്ങൾ ഉപയോഗിച്ച് കുട്ടിയെ പഠനത്തിലേക്ക് നയിക്കുന്നു. | One hour in a week | അക്ഷര കാർഡുകൾ, ചിത്രങ്ങൾ | Teacher |
| 4 | ചിത്രവായന | സ്കൂൾ കെട്ടിടത്തിന്റെ ചുറ്റുമതിലും ക്ലാസ് മുറികളും ചിത്രങ്ങൾ കൊണ്ട് ഭംഗിയാക്കുക. | ഏപ്രിൽ - മെയ് | സ്കൂൾ കെട്ടിടം. | ടീച്ചർ,പിടിഎ, പഞ്ചായത്ത് |

# പ്രവർത്തനങ്ങൾ മേഖലാടിസ്ഥാനത്തിൽ

പ്രവർത്തനം - 1
പേര് : ഡൈനിങ് ഹാൾ
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വം + ആരോഗ്യം=പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിങ് ഹാൾ ഒരുക്കൽ. | ഒരു വർഷം | പിടിഎ, എൽ എസ് ജി ഡി | 10 ലക്ഷം |

പ്രവർത്തനം - 2
പേര് : ശൗചാലയ സമുച്ചയം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠം ഒന്ന് ശുചിത്വം | സൗകര്യപ്രദമായ സ്ഥലത്ത് ഇരുനിലകളിലായി ശൗചാലയ സമുച്ചയം നിർമ്മിക്കൽ | ഒരു വർഷം | പിടിഎ, എൽ എസ് ജി ഡി | 10 ലക്ഷം(MLA ഫണ്ട് ) |

പ്രവർത്തനം - 3
പേര് : ലാബ് സമുച്ചയം& ആഡിറ്റോറിയം
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ ലാബുകൾ ശാസ്ത്രീയമാക്കൽ | പ്രൈമറി വിദ്യാഭ്യാസം ഫലപ്രദമാക്കാൻ ലാബ് നിർമ്മിക്കൽ, നിലവിലുള്ള കെട്ടിടത്തിനു മുകളിലായി ആഡിറ്റോറിയം നിർമ്മിക്കൽ. | രണ്ടു വർഷം | പിടിഎ, എൽ എസ് ജി ഡി | 25 ലക്ഷം( നബാർഡ്) |

പ്രവർത്തനം - 4
പേര് : കവാടം,പടിപ്പുര
മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം,പടിപ്പുര എന്നിവ സജ്ജമാക്കൽ. | ഒരു വർഷം | പിടിഎ, എൽ എസ് ജി ഡി | 3 ലക്ഷം( ജില്ല പഞ്ചായത്ത്) |

പ്രവർത്തനം 5
പേര്: പ്രാദേശിക പിറ്റി എ യോഗങ്ങൾ
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസര പ്രദേശത്തെവിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പിടിഎ യോഗങ്ങൾ ചേരൽ | വർഷത്തിലൊരു പ്രാവശ്യം | എസ് എസ് ജി എസ് ആർ ജി | 10000(പി ടി എ ) |

പ്രാവർത്തനം :6
പേര് :പഠനക്കൂട്ടങ്ങൾ
മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികവുകളുടെ അവതരണം പഠനം കാര്യക്ഷമമാക്കൽ | പ്രവർത്തനങ്ങൾ: വിദ്യാർത്ഥികളെ മേഖലകളായി തിരിച്ചു പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം ഓരോ ടീമിലും ഒന്ന് വീതം അര ദിവസം നീണ്ടുനിൽക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്ക് വേണ്ടി സമകാലിക | ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം | പിടിഎ,എസ് ആർ ജി എസ് എസ് ജി | 5000 (സ്പോൺസർഷിപ്പ്) |

| | | | | |
|---|---|---|---|---|
| | പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ് നടത്തൽ ഞായറാഴ്ചകളിൽ പതിവായി ക്ലാസ് ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ ഓരോ ടീമിലും ഒന്ന് വീതം മിക വുകളുടെ അവതരണം | | | |

പ്രവർത്തനം :7
പേര് :രക്ഷിതാക്കൾക്ക് ഈ -സാക്ഷരത കമ്പ്യൂട്ടർ പരിശീലനം
മേഖല: സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമാ യി പങ്കുവെക്കൽ | പ്രവർത്തനങ്ങൾ: വൈകുന്നേരം/ അവധി ദിവസങ്ങളിൽ അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | ഐടി സ്കൂൾ, എസ് ഐ ടി സി | 10 ലക്ഷം എംഎൽഎ ഫണ്ട് |

പ്രവർത്തനം 8
പേര് :ബയോഗ്യാസ് പ്ലാന്റ്
മേഖല: ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിൽ ഉണ്ടാകുന്ന ജൈവമാലിന്യത്തെ ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകവാതകത്തിന് ആവശ്യമായ ഊർജ്ജം കണ്ടെത്തൽ | ആറുമാസം | പിടിഎ ഉച്ചഭക്ഷണ കമ്മിറ്റി | രണ്ട് ലക്ഷം (അനർട്ട്) |

പ്രവർത്തനം 9
പേര് :ടൂൾ കിറ്റ് പണിയായുധങ്ങൾ
മേഖല :ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കൃഷി അറ്റകുറ്റപ്പണികൾ തുടങ്ങിയവ കാര്യക്ഷമമാക്കൽ | വൈദ്യുതി ജലവിതരണം പച്ചക്കറി കൃഷി കമ്പ്യൂട്ടർ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | ആറുമാസം | പിടിഎ,സ്റ്റാഫ് സെക്രട്ടറി | പതിനായിരം (പിടിഎ ) |

പ്രവർത്തന 10
പേര് :സൗരോർജ്ജ പാനൽ
മേഖല :ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെ ഉപയോഗപ്പെട ുത്തൽ | ആഡിറ്റോറിയത്തിന് മുകളിൽ സൗരോർജപാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാൻ | മൂന്നുവർഷം | പിടിഎ | 10 ലക്ഷം (സി എസ് ആർ ഫണ്ട്) |

പ്രവർത്തനം :11
പേര് :പൂർവ്വ വിദ്യാർത്ഥി സംഗമം
മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ അവരുടെ മുൻപിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എസ് എസ് ജി, ഒ എസ് എ | 5000( ഒ എസ് എ ) |

പ്രവർത്തനം 12
പേര് പൂർവ്വ അധ്യാപക സംഗമം
മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കാൻ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ചു പൂർവ്വ അധ്യാപകരെ വിളിച്ചു സമിതി രൂപീകരിക്കാൻ | രണ്ടു വർഷത്തി ലൊരിക്കൽ | സ്റ്റാഫ് കൗൺസി ൽ | പതിനായിരം (സ്റ്റാഫ് ഫണ്ട്) |

പ്രവർത്തനം 13
പേര് :അംഗനവാടി കലോത്സവം
മേഖല :സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കാൻ നവാഗത ആവേണ്ടവർ ക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അംഗൻവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊ ണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്നു നൽകുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | പിടിഎ | പതിനായിരം സ്പോൺസർ ഷിപ്പ് |

**ഭൗതിക സാഹചര്യങ്ങളുടെ മികവ്**

അക്കാദമിക മികവ് കൈവരിക്കുമ്പോഴും ഭൗതികസാഹചര്യങ്ങളിൽ ചിലതു കൂടി മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്
ആവശ്യം വേണ്ട മെച്ചപ്പെടുത്തലുകൾ ഇതോടൊപ്പം ചേർക്കുന്നു:

**ഓഡിറ്റോറിയം**

നിലവിലുള്ള ക്ലാസ് റൂമുകളുടെ മുകളിലായി 60 അടി നീളവും 20 അടി വീതിയുമുള്ള ഓഡിറ്റോറിയവും അതിനുള്ളിൽ 20 അടി നീളവും 20 അടി വീതിയുമുള്ള പ്ലാറ്റ്ഫോം നിർമിക്കുക ഉദ്ദേശിക്കുന്ന ചിലവ് :15 ലക്ഷം രൂപ

**കുടിവെള്ളം**

ജനുവരി മുതൽ രൂക്ഷമാകുന്ന
കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി നിലവിലുള്ള കിണറിനു ആഴം കൂട്ടുകയും റീച്ചാർജ് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുകയും ജലസമൃദ്ധ മാക്കുകയും ചെയ്യുക ചെലവ് :ഒരു ലക്ഷം രൂപ

**ടോയ്‌ലറ്റ് ബ്ലോക്ക്**

ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുക
നിലവിലുള്ള നാല് ശുചീ മുറികൾ ടോയ്‌ലറ്റ് ബ്ലോക്കുകൾ ആയി നവീകരിക്കുക
പ്രതീക്ഷിത ചിലവ് :5 ലക്ഷം

**പെയിന്റിംഗ്**

സ്കൂളും ചുറ്റുമതിലും പെയിന്റ് ചെയ്ത് ആകർഷകമാക്കുക ഉദ്ദേശിക്കുന്ന ചെലവ് ഒന്നര ലക്ഷം രൂപ

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാ പ്രക്രിയയായ
വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ
ദൂര വ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്.
ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും ആയ ബദലുകൾ
സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ്
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം അതിനാൽ
കേരളത്തിന്റെ നവോത്ഥാന
മൂല്യങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്ന
ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ
പങ്കാളികളാകുക എന്നുള്ളത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ
വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും
കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും
ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2024 to 2027**

# ഗവൺമെന്റ് എൽ. പി. എസ്സ്
# ഉറുകുന്ന്

## പുനലൂർ ഉപജില്ല